"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണം - ബഹു മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും നേതൃത്വത്തിൽ മേഖലാ അവലോകന യോഗങ്ങൾ സെപ്റ്റംബർ 4, 7, 11, 14 തീയതികളിൽ യഥാക്രമം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ ചേരുന്നതിന് തീരുമാനിച്ചുകൊണ്ടും ആയത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(കൈ) നം.98/2023/GAD തീയതി,തിരുവനന്തപുരം, 24-06-2023

---

**<u>ഉത്തരവ്</u>**

ഭരണനേട്ടങ്ങൾ ജനങ്ങൾക്ക് കൂടുതൽ അനുഭവവേദ്യമാക്കുവാനും സമയബന്ധിതമായ പദ്ധതി നിർവ്വഹണം ഉറപ്പാക്കുവാനും വിവിധജില്ലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും, വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുമായി ബഹു. മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും നേതൃത്വത്തിൽ മേഖലാഅവലോകനയോഗങ്ങൾ 2023 **സെപ്റ്റംബർ** 4, 7, **11, 14 തീയതികളിൽ** യഥാക്രമം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ ചേരുവാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേഖലാഅവലോകനയോഗങ്ങൾ ചേരുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ **അനുബന്ധമായി** ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും / വകുപ്പു മേധാവികൾക്കും
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി,സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ,(ആഡിറ്റ്) ), കേരള, തിരുവനന്തപുരം
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ലാന്റ് റവന്യൂ കമ്മീഷണർ തിരുവനന്തപുരം.
പൊതുഭരണ(എസ്.സി) വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sreekumar T
സെക്ഷൻ ഓഫീസർ
Date: 24-06-2023 12:29:37

പകർപ്പ് - ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും

**അനുബന്ധം**

| ക്രമ നം. | തീയതി | മേഖല (ജില്ലകൾ) |
|---|---|---|
| 1 | 04.09.2023 *(തിങ്കൾ)* | **കോഴിക്കോട്** (കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലകൾ) |
| 2 | 07.09.2023 *(വ്യാഴം)* | **തൃശ്ശൂർ** (പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകൾ) |
| 3 | 11.09.2023 *(തിങ്കൾ)* | **എറണാകുളം** (എറണാകുളം, ഇടുക്കി, ആലപ്പുഴ, കോട്ടയം ജില്ലകൾ) |
| 4 | 14.09.2023 *(വ്യാഴം)* | **തിരുവനന്തപുരം** (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകൾ) |

താഴെ പറയുന്ന 5 വിഭാഗങ്ങളുമായി ബന്ധപ്പെട്ട് നടപ്പാക്കിയ വിവിധ പദ്ധതികളുടെ നിലവിലെ സ്ഥിതി, പരിപാലനം, പുരോഗമിക്കുന്ന പദ്ധതികൾ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് പ്രധാനമായും അവലോകനം ചെയ്യുക.

1. അതി ദാരിദ്ര്യം.

2 നവകേരള മിഷൻ (ലൈഫ്, ആർദ്രം, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിത കേരള മിഷൻ)

3. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ടവ (ദേശീയ പാത, മലയോര ഹൈവേ, തീരദേശ പാത, വകുപ്പുമായി ബന്ധപ്പെട്ട മറ്റ് പ്രധാന പദ്ധതികൾ)

4. മാലിന്യമുക്ത കേരളം.

5. ജില്ലയുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാർ കണ്ടെത്തുന്ന പ്രധാന പ്രശ്നങ്ങൾ (ദേശീയ ജലപാത, പുനർഗേഹം പദ്ധതി, പൊതു വിദ്യാലയങ്ങൾ, പൊതുജനാരോഗ്യ കേന്ദ്രങ്ങൾ, അങ്കണവാടികൾ, സിവിൽ സ്റ്റേഷൻ എന്നിവയുൾപ്പെടെ), ജില്ലയിലെ വിവിധ വകുപ്പുകളിൽ/ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട പരാതികൾ, തടസ്സങ്ങൾ, പുരോഗതി.

മേൽ 5 വിഭാഗങ്ങളുമായി ബന്ധപ്പെട്ട് ജില്ല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ ജില്ലാകളക്ടർമാർ കണ്ടെത്തേണ്ടതാണ് ഇതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ കളക്ടർമാർ ശിൽപശാല സംഘടിപ്പിക്കേണ്ടതാണ്. ഇങ്ങനെകണ്ടെത്തുന്ന വിഷയങ്ങളിൽ സർക്കാർ തലത്തിൽ തീരുമാനം എടുക്കേണ്ടവയും ജില്ലാതലത്തിൽ വിവിധ വകുപ്പുകളുയും

ഏജൻസികളുടേയും ഏകോപനത്തിലൂടെ പരിഹരിക്കാവുന്നവയും, വേർതിരിച്ച് അതിനായി തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ് വെയറിലൂടെ 2023 ജൂൺ 30 ന് മുമ്പായി സമർപ്പിക്കേണ്ടതാണ്. ജില്ലയ്ക്കുള്ളിൽ കളക്ടർമാർ ഇടപെട്ട് പരിഹരിക്കേണ്ട വിഷയങ്ങൾ ജില്ലാ കളക്ടർമാർ ബന്ധപ്പെട്ട വകുപ്പ് ഏജൻസിയിലെ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് അന്തിമ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

**വകുപ്പ് സെക്രട്ടറിമാർക്കുള്ള നിർദ്ദേശങ്ങൾ**

ജില്ലാ കളക്ടർമാർ കണ്ടെത്തി പോർട്ടലിലൂടെ സമർപ്പിക്കുന്ന വിഷയങ്ങൾ ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് സെക്രട്ടറി ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയ്ക്ക് കൈമാറിനൽകുന്നതാണ്. ഒന്നിലേറെ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളാണെങ്കിൽ ചീഫ് സെക്രട്ടറിയുമായി ചർച്ച ചെയ്ത് പ്രധാനപ്പെട്ട വിഷയം കൈകാര്യം ചെയ്യുന്ന വകുപ്പ് സെക്രട്ടറിയ്ക്ക് കൈമാറി നൽകുകയും ആ സെക്രട്ടറി മറ്റ് വകുപ്പ് സെക്രട്ടറിമാരിൽ നിന്ന് റിപ്പോർട്ട് ശേഖരിക്കുന്നതുമാണ്. സെക്രട്ടറിമാർ ഓരോ വിഷയത്തിലും വ്യക്തമായ പരിശോധന നടത്തേണ്ടതും ഉചിതമായ തീരുമാനങ്ങൾ കൈക്കൊണ്ട് പ്രശ്നം പരിഹരിക്കപ്പെട്ടുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. അവലോകന യോഗത്തിൽ പരിഗണിക്കപ്പെടുന്ന വിഭാഗങ്ങളുമായി ബന്ധപ്പെട്ട് ജില്ലകളിൽ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവര ശേഖരണവും, നേരിടുന്ന പ്രശ്നങ്ങളും കണ്ടെത്തേണ്ടത് വകുപ്പ് സെക്രട്ടറിമാരാണ്.

**1.അതി ദാരിദ്ര്യം** :- ജില്ലാ കളക്ടർമാർ ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച ചെയ്ത് പ്രസന്റേഷൻ തയ്യാറാക്കേണ്ടതാണ്.
**2.നവകേരള മിഷൻ** :- മിഷൻ അധികാരികളിൽ നിന്ന് വിവരശേഖരണം നടത്തുകയും അജണ്ടയും പ്രസന്റേഷനും തയ്യാറാക്കേണ്ടതുമാണ്.
**3.പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ടവ**:- പൊതുമരാമത്ത് അധികാരികളിൽ നിന്ന് വിവരശേഖരണം നടത്തുകയും അജണ്ടയും പ്രസന്റേഷനും തയ്യാറാക്കേണ്ടതുമാണ്.
**4.മാലിന്യമുക്ത കേരളം**:- തദ്ദേശ സ്വയംഭരണ വകുപ്പ് അധികാരികളിൽ നിന്ന് വിവരശേഖരണം നടത്തുകയും അജണ്ടയും പ്രസന്റേഷനും തയ്യാറാക്കേണ്ടതുമാണ്.

**5.ജില്ലയുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാർ കണ്ടെത്തുന്ന മറ്റ് പ്രധാന പ്രശ്നങ്ങൾ :-**

നിശ്ചയിക്കപ്പെട്ട വിഭാഗങ്ങളിൽ കണ്ടെത്തുന്ന പ്രശ്ങ്ങൾ സംബന്ധിച്ച വിശദമായ പ്രസന്റേഷൻ ജില്ലാ അടിസ്ഥാനത്തിൽ പ്ലാനിംഗ് സെക്രട്ടറി അവതരിപ്പിക്കേണ്ടതാണ്. അതിൽ പരിഹാരം കണ്ടെത്തിയതും, തീരുമാനം കൈക്കൊള്ളേണ്ടതുമായവ പ്രത്യേകം ഉൾക്കൊള്ളിക്കേണ്ടതാണ്.

മേഖലാ അവലോകന യോഗങ്ങളുടെ പൊതുവായ ചുമതല പൊതുഭരണ (ഏകോപനം) വകുപ്പിനാണ്. മേഖലാ അവലോകന യോഗങ്ങളുടെ വേദി നിശ്ചയിക്കുക, യോഗത്തിനാവശ്യമായ മറ്റ് സജ്ജീകരണങ്ങൾ ഉറപ്പുവരുത്തുക, അജണ്ടയും, പ്രസന്റേഷനും തയ്യാറാക്കുക ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നിർവ്വഹിക്കേണ്ടതാണ്.